**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2567 19.12.2012-ൽ മറുപടിക്ക്

**ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ആലത്തൂർ നിയോജക മണ്ഡലത്തിലെ ഭൂരിപക്ഷം ജനങ്ങളും പ്രധാനമായും ആശ്രയിക്കുന്ന ആലത്തൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരുടെ ധാരാളം ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)സ്പെഷ്യാലിറ്റി കേഡറിൽ നാല് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി)ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി)സ്പെഷ്യാലിറ്റി കേഡറിലെ ഒഴിവുകൾ സർവീസിൽ പി.ജി ബിരുദം ലഭിച്ചിട്ടുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നികത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ ടി തസ്തികകളിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവത്തിൽ ജനറൽ കേഡറിലുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ വാക് ഇൻ ഇന്റർവ്യൂ വഴി താൽക്കാലിക അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി)ഏതൊക്കെ വിഭാഗത്തിലാണ് നിലവിൽ ഒഴിവുകളുള്ളതെന്ന് വ്യക്തമാക്കുമോ? | സി) ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-<br>1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1<br>2. കൺസൾട്ടന്റ് (സർജൻ) - 1<br>3. ജൂനിയർ കൺസൾട്ടന്റ് (സർജൻ) - 1<br>4. ജൂനിയർ ദന്തൽ സർജൻ - 1<br>ഇതിൽ ജൂനിയർ ദന്തൽ സർജന്റെ ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. |

Ajaykum

സെക്ഷൻ ഓഫീസർ